ഭരണ ഭാഷ - മാതൃഭാഷ

No.AWWF/D2-1924(1)/21

കേരളഅങ്കണവാടിവർക്കേഴ്സ്ആന്റ്
ഹെൽപ്പേഴ്സ്ക്ഷേമനിധി ബോർഡ്
പൂജപ്പുര, തിരുവനന്തപുരം.
Email: awwfkerala@gmail.com
ഫോൺ : 0471-2342433
തീയതി :24/09/2021

## പരിപത്രം

വിഷയം:- വനിത ശിശു വികസന വകുപ്പ് - അങ്കണവാടി ക്ഷേമനിധി ബോർഡ് - കിലെ സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷയ്ക്കുള്ള കോച്ചിംഗ് ക്ലാസ് - സംബന്ധിച്ച്.

സൂചന:- കിലെ കൺസൽട്ടന്റിന്റെ 09/09/2021 ലെ Email സന്ദേശം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കിലെ സിവിൽ സർവ്വീസ് അക്കാഡമി 01/10/2021 മുതൽ 31/05/2022 വരെ 8 മാസം നീണ്ട് നിൽക്കുന്ന സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷയ്ക്കുള്ള കോച്ചിംഗ് ക്ലാസുകൾ ആരംഭിക്കുന്നുണ്ട്. തൊഴിലാളികളുടെ ആശ്രിതർക്ക് (മക്കൾ, സഹോദരങ്ങൾ, ഭാര്യ, ഭർത്താവ്) എന്നിവർക്കാണ് പ്രവേശനം നൽകുന്നത്. അടിസ്ഥാന യോഗ്യത ബിരുദം ആണ്. തൽക്കാലം കോഴ്സുകൾ ഓൺലൈൻ ആയിട്ടാണ് നടത്തപ്പെടുന്നത്. ഇതിനായി അപേക്ഷിക്കേണ്ടുന്ന അവസാന തീയതി 05/10/2021 ആണ്. അഡ്മിഷൻ സംബന്ധിച്ച വിശദവിവരങ്ങൾക്ക് **www.kile.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

അങ്കണവാടി ക്ഷേമനിധി ബോർഡിന്റെ കീഴിൽ അംഗത്വം എടുത്തിട്ടുള്ള അങ്കണവാടി പ്രവർത്തകരുടെ ആശ്രിതർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. കൂടാതെ ഈ വാർത്ത അങ്കണവാടി പ്രവർത്തകർക്കിടയിൽ പ്രചാരണം നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും